വി.സി. നാമനിർദ്ദേശം ചെയ്യുന്ന ഒരു കോളേജ് പ്രിൻസിപ്പലായിരിക്കും) യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ, വി.സി. നാമനിർദ്ദേശം ചെയ്യുന്ന രണ്ട് കോളേജ് യൂണിയൻ സ്പീക്കർമാർ, അക്കാഡമിക് കൗൺസിലിലെ രണ്ട് അംഗങ്ങൾ (അതിലൊരാൾ വി.സി. നാമനിർദ്ദേശം ചെയ്യുന്ന ഒരു കോളേജ് പ്രിൻസിപ്പലായിരിക്കും) എന്നിവർ അംഗങ്ങളായുള്ള ഒരു ബോർഡ് രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. പരാതികളിൻമേൽ പ്രാഥമിക അന്വേഷണം നടത്തുകയും ആവശ്യമെന്നുകണ്ടാൽ പരാതി ബോർഡിന്റെ പരിഗണനയ്ക്കായി വയ്ക്കുകയും ചെയ്യും. ബോർഡ് പരാതി പരിശോധിക്കുകയും വേണ്ടിവന്നാൽ കക്ഷികളെ വിസ്തരിക്കുകയും അതിനുശേഷം അന്വേഷണ റിപ്പോർട്ട് മേൽ നടപടികൾക്കായി സിൻഡിക്കേറ്റിന് നൽകുന്നതുമാണ്.

(സി&ഡി) 8-2-2000-ൽ കൂടിയ കേരള സർവകലാശാലയുടെ സിൻഡിക്കേറ്റ് യോഗം നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്നും, വിദ്യാർത്ഥികളുടെ പരാതികളിന്മേൽ ദ്രുതഗതിയിൽ തീർപ്പുകൽപ്പിക്കുന്നതിന് യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ പോലുള്ള ഒരു അപ്പലേറ്റ് സമിതി രൂപീകരിക്കാനുള്ള നിയമപരമായ നടപടികൾ കൈക്കൊള്ളുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചതായും സർവകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവകലാശാലയുടെ അഭ്യർത്ഥന ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്&ജി) ഉദിക്കുന്നില്ല

കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ നിയമനത്തിന് പൊതു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരണം

27 (*267) ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലേക്കും ആവശ്യമായ ഉദ്യോഗ നിയമനത്തിന് പൊതുവായ ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ട എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ&ബി) ഈ വിഷയം സംബന്ധിച്ച് സർക്കാർ ആലോചനയൊന്നും നടത്തിയിട്ടില്ല.

മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസ പദ്ധതി

28 (*268) ഡോ. കെ. സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. എസ്. ജോൺ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly